**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2205** **09-02-2023 - ൽ മറുപടിയ്ക്ക്**

**സുഭിക്ഷ ഹോട്ടലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | വിശപ്പുരഹിത കേരളം പദ്ധതിയിലൂടെ സംസ്ഥാനത്ത് നാളിതുവരെ എത്ര സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ; | (എ) | അമ്പത് (50) സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചിട്ടുണ്ട്. ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ ആരംഭിച്ച സുഭിക്ഷ ഹോട്ടൽ ഒഴികെ 49 ഹോട്ടലുകളും നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br>1. തിരുവനന്തപുരം - 07<br>2. കൊല്ലം - 02<br>3. പത്തനംതിട്ട - 05<br>4. ആലപ്പുഴ - 07<br>5. കോട്ടയം - 02<br>6. ഇടുക്കി - 03<br>7. എറണാകുളം - 04<br>8. തൃശ്ശൂർ - 08<br>9. പാലക്കാട് - 02<br>10. മലപ്പുറം - 01<br>11. കോഴിക്കോട് - 03<br>12. വയനാട് - 02<br>13. കണ്ണൂർ - 02<br>14. കാസറഗോഡ് - 02 |
| (ബി) | വടക്കാഞ്ചേരി മണ്ഡലത്തിൽ സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുന്നതിനായി ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (ബി) | അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത്; വിശദാംശം ലഭ്യമാക്കാമോ; | (സി) | സുഭിക്ഷാ ഹോട്ടലുകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ ചെലവിനായി ഓരോ ഹോട്ടലിനും പരമാവധി 10 ലക്ഷം രൂപ വരെ അനുവദിക്കുന്നു. സുഭിക്ഷാ ഹോട്ടലിൽ നിന്നും 20/-രൂപ നിരക്കിൽ വിതരണം ചെയ്യുന്ന ഉച്ചഭക്ഷണത്തിന് ഊണൊന്നിന് 5/- രൂപ നിരക്കിൽ സർക്കാർ സബ്സിഡി അനുവദിക്കുന്നതാണ്. ഹോട്ടലിന്റെ വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, കെട്ടിട വാടക (വാടക രഹിത കെട്ടിടം ലഭ്യമാകാത്ത പക്ഷം), മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട ചെലവുകൾ (ആവശ്യമെങ്കിൽ) എന്നിവയും അനുവദിച്ച് നൽകുന്നു. കിടപ്പുരോഗികൾ, അശരണർ എന്നിവർക്ക് ഉച്ചഭക്ഷണം വീട്ടുകളിൽ എത്തിച്ചു നൽകുന്നതിന് ഊണൊന്നിന് ഭക്ഷണത്തിന്റെ വിലയായ 25/- രൂപയും കൈകാര്യ ചെലവായ 5/- രൂപയും പുറമേ ട്രാൻസ്പോർട്ടേഷൻ ചാർജും എ.ഡി.എം അദ്ധ്യക്ഷനായ കമ്മിറ്റിയുടെ അംഗീകാരത്തിനു വിധേയമായി അനുവദിക്കുന്നുണ്ട്. |
| (ഡി) | പ്രസ്തുത മണ്ഡലത്തിലെ കൂടുതൽ സ്ഥലങ്ങളിൽ കുടുംബശ്രീയുടെ സഹായത്തോടെ സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | അപേക്ഷകൾ ലഭിക്കുന്ന പക്ഷം വിശദമായ പരിശോധനകൾക്ക് ശേഷം സുഭിക്ഷ ഹോട്ടൽ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ